കടൽക്കണ്ടം പാലത്തിന്റെ നിർമ്മാണം

129 [412] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കോളയാട് പഞ്ചായത്തിലെ കടൽക്കണ്ടം പാലം നിർമ്മിക്കുന്നതിന് വനംവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിർമ്മാണം ഏറ്റെടുക്കുന്ന കാര്യം വനം വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) കടൽക്കണ്ടം പാലത്തിന്റെ നിർമ്മാണത്തിനായി 8 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നടപ്പു സാമ്പത്തികവർഷം ഈ ജോലി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ജോലി ഏറ്റെടുക്കുന്നതാണ്.

കേരളത്തിലെ വിവിധ കായിക മേളകൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ.

130 [413] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്നു വരുന്ന വിവിധ കായികമേളകൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായികരംഗത്ത് പ്രവർത്തിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനായി എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട്;

(സി) വകുപ്പുതിരിച്ച് അവയുടെ ലിസ്റ്റ് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിഗണിക്കാവുന്നതാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന നാല് ഒഴിവുകളിലേക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്.

(സി) 1. ശ്രീമതി കെ. ജെ. ജെസ്റ്റി - പബ്ലിക് സർവ്വീസ് കമ്മീഷൻ.
2. ശ്രീമതി എസ്. എൽ. മിനി - റവന്യൂ വകുപ്പ്.
3. ശ്രീമതി ഹരിത എസ്. കുറുപ്പ് - ജലസേചന വകുപ്പ്.
4. ശ്രീമതി എൻ. പി. സാന്റി - കൃഷി വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly